കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും വിവാഹ ധനസഹായ തുക 10000/- രൂപയിൽ നിന്നും 30000/- രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.265 /2018/സാ.നീ.വ                    തിരുവനന്തപുരം, തീയതി 6.5.2018

---

പരാമർശം-
1. സ.ഉ(സാധാ)നം.126/06/സാ.ക്ഷേ.വ തീയതി 16.3.2006
2. സ.ഉ(സാധാ)നം.358/06/സാ.ക്ഷേ.വ തീയതി 17.8.2006
3. സ.ഉ(സാധാ)നം.215/07/സാ.ക്ഷേ.വ തീയതി 30.3.2007
4. സാമൂഹ്യനീതി ഡയറക്ടറുടെ 25.4.2017, 20.7.2017 തീയതികളിലെ H2-36948/15 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി 10,000/- രൂപ വീതം അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം ഈ ധനസഹായം അംഗപരിമിതരായ മാതാപിതാക്കളുടെ പെൺമക്കൾക്കു കൂടി നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും നൽകി വരുന്ന ധനസഹായ തുക പതിനായിരത്തിൽ നിന്നും മുപ്പതിനായിരമായി ഉയർത്തുന്നതിനായി സാമൂഹ്യനീതി ഡയറക്ടർ പരാമർശം 4 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും നൽകി വരുന്ന വിവാഹ ധനസഹായ തുക പതിനായിരം രൂപയിൽ നിന്നും മുപ്പതിനായിരം രൂപയായി ഉയർത്തിയും ഇതിനു വേണ്ടി വരുന്ന അധിക തുക 2235-60-200-83(P) ശീർഷകത്തിൽ നിന്നും അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Endt No. 6760/2018 തീയതി 22.05.2018
ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും, തുടർനടപടികൾക്കുമായി നൽകുന്നു.

For The Director of Social Justice.